LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകളെയാണ് പരിഗണിച്ചുവരുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെയും കീഴേടം ക്ഷേത്രങ്ങളിലെയും ആചാരാനുഷ്ഠാനങ്ങളും, കീഴ്വഴക്കങ്ങളും ഈ നിയമന കാര്യങ്ങളിൽ ഗുരുവായൂർ ദേവസ്വം ഭരണ സമിതി പരിഗണിച്ചുവരുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലെ കീഴ്ശാന്തിക്കാരെ നിശ്ചയിക്കുന്നത് പാരമ്പര്യ അവകാശ പ്രകാരമാണ്. 13 ഇല്ലങ്ങളിലെ പാരമ്പര്യ അവകാശികളെയാണ് ഗുരുവായൂർ ക്ഷേത്രത്തിൽ കീഴ് ശാന്തിമാരായി നിശ്ചയിക്കുന്നത്.

ദേവസ്വം ബോർഡുകളിലെ ജീവനക്കാർ

141 (2696) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം വകുപ്പിന് കീഴിലായി ഏതെല്ലാം ദേവസ്വം ബോർഡുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇതിൽ ഓരോ ബോർഡിനും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളുണ്ട് ;

(സി) ഈ ക്ഷേത്രങ്ങളിൽ ഓരോന്നിലും എത്ര സ്ഥിരം ജീവനക്കാരുണ്ട് ;

(ഡി) സ്ഥിരം ജീവനക്കാരിൽ എത്ര വീതം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുണ്ട് ;

(ഇ) ക്ഷേത്ര ജീവനക്കാരെ നിയമിക്കുമ്പോൾ സംവരണ തത്വം പാലിക്കപ്പെടുന്നതിന് നിർദ്ദേശങ്ങളുണ്ടോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്

(ബി)

തിരുവിതാംകൂർ ദേവസ്വം ബോർഡ്	- 1248 ക്ഷേത്രങ്ങൾ.
മലബാർ ദേവസ്വം ബോർഡ്	- 1358 ക്ഷേത്രങ്ങൾ
കൊച്ചിൻ ദേവസ്വം ബോർഡ്	- 403 ക്ഷേത്രങ്ങൾ.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരും കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരും, മലബാർ ദേവസ്വം ബോർഡിൽ 6320 ജീവനക്കാരുമുണ്ട്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 85 ജീവനക്കാരും കൊച്ചിൻ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 73 ജീവനക്കാരും ഉണ്ട്. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിക്കുള്ളിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നത് അതാത് ക്ഷേത്ര ഭരണാധികാരികളാണ്. ജീവനക്കാരെ നിയമിക്കുന്നതിൽ സ്വീകരിച്ച നടപടിക്രമങ്ങളിലെ നിയമസാധുത പരിശോധിച്ച് അംഗീകാരം നൽകുന്ന ചുമതല മാത്രമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ ജാതി മാനദണ്ഡ മല്ലാത്തതിനാൽ ജാതി തിരിച്ചുള്ള പ്രത്യേക കണക്ക് ക്ഷേത്രങ്ങളിലോ ബോർഡിന്റെ ഓഫീസിലോ സൂക്ഷിച്ചുവരുന്നില്ല.

(ഇ) നിയമനത്തിന് ക്ഷേത്ര ജീവനക്കാർ, സ്കൂൾ, കോളേജ് നിയമനങ്ങൾ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നെങ്കിലും ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾക്ക് തീർപ്പായിട്ടില്ലാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മലബാർ ദേവസ്വം ബോർഡിൽ നിലവിലുള്ള നിയമ പ്രകാരം ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ തത്വം പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. കൊച്ചിൻ ദേവസ്വത്തെ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ നിലവിലില്ല.

ശബരിമലയിലെ അപ്പം, അരവണ നിർമ്മാണ കരാർ

142 (2697) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ തീർത്ഥാടന കാലയളവിൽ ശബരിമലയിൽ അപ്പം, അരവണ പ്രസാദങ്ങളുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) എത്ര തുകയ്ക്കാണ് പ്രസ്തുത കരാറുകൾ നൽകിയിട്ടുള്ളത് ;

(സി) മാളികപ്പുറത്തിന് സമീപത്തെ അപ്പം നിർമ്മാണ പ്ലാന്റിൽ അപ്പം ഉപയോഗശൂന്യമായ സംഭവത്തിന്റെ കാരണം എന്താണ് ;

(ഡി) ഇതിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് ; നഷ്ടം എപ്രകാരം നികത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഇ) പ്രസ്തുത സംഭവത്തിന് കാരണക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly